ഫണ്ട് ബോർഡിന്റെ കീഴിൽ 2004-ൽ അലക്കുതൊഴിലാളി ക്ഷേമനിധി പദ്ധതി, ബാർബർ തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നിവയും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ ആട്ടോ മൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമ പദ്ധതിയും നിലവിൽ വന്നിട്ടുണ്ട്. കൂടാതെ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി, ലേബർ വെൽഫെയർ ഫണ്ട് ബോർഡിന് കീഴിൽ സ്വർണ്ണാഭരണ തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതി എന്നിവയും സർക്കാരിന്റെ പരിഗണന യിലുണ്ട്.

(ഡി) ഉത്തരം അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു.†

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ധനശേഖരണം

35 [522] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡിലേക്ക് സെസ് ഇനത്തിൽ എത്ര തുക പിരിച്ചെടുക്കുവാൻ കഴിഞ്ഞു;

(ബി) ഇനി എത്ര തുക പിരിച്ചെടുക്കുവാനുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബോർഡിന് 2001-2002 വർഷം 12,61,19,550 രൂപയും 2002-2003 വർഷം 17,95,27,339 രൂപയും 2003-2004 വർഷം 29,23,36,692 രൂപയും സെസ് ഇനത്തിൽ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ബി) കൃത്യമായ കണക്ക് ശേഖരിച്ചുവരുന്നു.

കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിലെ കാലതാമസം

36 [523] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകത്തൊഴിലാളി പെൻഷൻ വാങ്ങുന്നവർ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള മൂന്ന് വർഷങ്ങളിൽ വിതരണം ചെയ്ത പെൻഷന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) കുടിശ്ശികയായി എത്ര ഗഡു പെൻഷനാണ് വിതരണം ചെയ്യാനുള്ള തെന്ന് വ്യക്തമാക്കാമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly